**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5641** **13-08-2021 - ൽ മറുപടിയ്ക്ക്**

**ചെറുതാഴം-കുഞ്ഞിമംഗലം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതിക്ക് കിഫ്ബിയിൽ നിന്നും എത്ര രൂപയുടെ ധനകാര്യ അനുമതിയാണ് ലഭിച്ചതെന്ന് അറിയിക്കുമോ; വിശദമാക്കാമോ; | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്ന<br>പദ്ധതിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി 5689 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ടെണ്ടർ സേവിംഗ്സ് ഉൾപ്പെടെ എത്ര രൂപ ബാക്കിയുണ്ട് എന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത പദ്ധതിക്ക് ടെണ്ടർ സേവിംഗ്സ്<br>459.34 ലക്ഷം രൂപയാണ്. |
| (സി) | പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ ഭൂരിഭാഗം ഗ്രാമീണ റോഡുകളും പൈപ്പ് ഇട്ടതിനാൽ തകർന്നു കിടക്കുന്നത് പരിഗണിച്ച് ബാക്കിയുള്ള തുക ഉപയോഗിച്ച് തകർന്ന കിടക്കുന്ന റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് റോഡ് പുനർനിർമ്മാണ പ്രവൃത്തികൾ കൂടി പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കിഫ്ബി പദ്ധതികളുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുമ്പോൾ തകരുന്ന റോഡുകളുടെ പുനരുദ്ധാരണം കൂടി ഉൾപ്പെടുത്തിയാണ് ദർഘാസ് ക്ഷണിക്കുന്നത്. |

സെക്ഷൻ ഓഫീസർ